പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1149 — 11.06.2019-ൽ മറുപടിക്ക്

## പൊതുമരാമത്തുവകുപ്പിലെ ഓവർസിയർ നിയമനം

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുമരാമത്ത് വകുപ്പിൽ രണ്ടാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിന്നും ഒന്നാം ഗ്രേഡ് ഓവർസിയർ (സിവിൽ) തസ്തികയിലേക്ക് സ്ഥാനക്കയറ്റം മുഖേന നികത്തേണ്ട എത്ര ഒഴിവുകൾ 2019 മേയ് മാസം 31 വരെ നിലവിലുണ്ട് എന്ന് അറിയിക്കാമോ; | (എ) 2019 മെയ് മാസം 31 വരെ 115 ഒഴിവുകളുണ്ടായിരുന്നു. |
| (ബി) ഒന്നാം ഗ്രേഡ് ഓവർസിയർ (സിവിൽ) തസ്തികയിൽ നിന്നും 2019 ജൂൺ മാസം മുതൽ ഡിസംബർ മാസം വരെ ഓരോ മാസവും എത്ര പേർ വിരമിക്കും; പ്രസ്തുത ഒഴിവുകളിൽ സ്ഥാനക്കയറ്റം മുഖേന നികത്തേണ്ട ഒഴിവുകൾ എത്രയാണ്; | (ബി) ജൂൺ മാസത്തിൽ-8, ജൂലൈ മാസത്തിൽ -9, ആഗസ്റ്റ് മാസത്തിൽ-1, സെപ്റ്റംബർ മാസത്തിൽ-1, ഒക്ടോബർ മാസത്തിൽ-1, നവംബർ മാസത്തിൽ-1, ഡിസംബർ മാസത്തിൽ-1 എന്നിങ്ങനെ 22 പേർ ഒന്നാംതരം ഓവർസിയർ (സിവിൽ) തസ്തികയിൽ നിന്നും വിരമിക്കും. ഈ 22 തസ്തികകളും സ്ഥാനക്കയറ്റം മുഖേന നികത്തേണ്ടവയാണ്. |
| (സി) രണ്ടാം ഗ്രേഡ് ഓവർസിയർ (സിവിൽ) തസ്തികയുടെ 01/10/2016 മുതൽ 31/03/2018 വരെയുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിലെ ഏത് ക്രമനമ്പർ മുതൽ ഉള്ളവർക്കാണ് ഇനി ഒന്നാം ഗ്രേഡ് ആയി സ്ഥാനക്കയറ്റം നൽകാനുള്ളത്; | (സി) ക്രമ നമ്പർ 72 മുതൽ ഉള്ളവർക്കാണ് സ്ഥാനക്കയറ്റം നൽകാനുള്ളത്. |
| (ഡി) 15/02/2017 തീയതിയിലെ പി.എസ്.സി. അഡ്വൈസ് മുഖേന രണ്ടാം ഗ്രേഡ് ഓവർസിയർ (സിവിൽ) തസ്തികയിൽ ജോലിയിൽ പ്രവേശിച്ചവരുടെ പ്രൊബേഷൻ കാലയളവ് കഴിഞ്ഞിട്ടുപോലും നിയമനം ക്രമീകരിക്കാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇനി എത്ര പേരുടെ നിയമനം ക്രമീകരിക്കാനുണ്ട്; പ്രസ്തുത നിയമനങ്ങൾ ഉടൻ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; | (ഡി) 15/02/2017-ലെ നിയമന ശുപാർശ പ്രകാരം ജോലിയിൽ പ്രവേശിച്ച 228 പേരിൽ 66 പേരുടെ പി.എസ്.സി സർവ്വീസ് വെരിഫിക്കേഷൻ പൂർത്തീകരിച്ച് 30/04/2019-ന് മാത്രമാണ് ലഭ്യമായത്. ഇതനുസരിച്ച് നിയമനങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ അടിയന്തിര പ്രാധാന്യം നൽകി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ളവരുടെ പി.എസ്.സി സർവ്വീസ് വെരിഫിക്കേഷൻ പൂർത്തീകരിച്ച് ലഭിക്കുന്ന മുറയ്ക്ക് നിയമനം ക്രമീകരിക്കുന്നതാണ്. |

(ഇ) പ്രൊബേഷൻ കാലയളവ് കഴിഞ്ഞിട്ടും നിയമനം ക്രമീകരിച്ചുകൊണ്ടുള്ള ഉത്തരവ് സി.ഇ. ഓഫീസിൽ നിന്ന് അതത് ഓഫീസുകളിൽ ലഭിക്കാത്തതിനാൽ അത്തരം ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനുള്ള പ്രൊപ്പോസൽ, പ്രസ്തുത ഉത്തരവ് ലഭിക്കുന്നതുവരെ കാത്തുനിൽക്കാതെ, സി.ഇ. ഓഫീസിലേക്ക് അയയ്ക്കുവാൻ കൺട്രോളിംഗ് ഓഫീസർമാർക്ക് നിർദ്ദേശം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

(ഇ) പ്രൊബേഷൻ പൂർത്തിയായതായി പ്രഖ്യാപിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ